കേരള സർക്കാർ

സംഗ്രഹം

2014 ശമ്പള പരിഷ്കരണം — ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക് ഹയർ സെക്കന്ററി അധ്യാപക തസ്തികയിൽ 15 വർഷ സേവന കാലയളവ് പൂർത്തിയാകുമ്പോൾ സാങ്കൽപികമായി ശമ്പള നിർണ്ണയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(അച്ചടി)നം.1/2018/(92)/ധന തീയതി, തിരുവനന്തപുരം, 01/01/2018,

---

പരാമർശം:- 1.28.09.12 തീയതിയിലെ സ.ഉ.(പി) നം.522/2012/(113)/ധന

2.20.01.2016 ലെ സ.ഉ.(പി) നം.7/2016/ധന

## ഉത്തരവ്

8 വർഷത്തെ ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിനു മുമ്പ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർക്ക് ഹയർ സെക്കന്ററി സ്കൂൾ അധ്യാപക തസ്തികയിൽ 8 വർഷ സേവനം പൂർത്തിയായ തീയതിയിൽ കെ.എസ്.ആർ ഒന്നാം ഭാഗം, ചട്ടം 28 എ പ്രകാരം സാങ്കൽപികമായി സമയബന്ധിത ഹയർ ഗ്രേഡ് ശമ്പള നിർണ്ണയത്തിനും പ്രസ്തുത തീയതിയിൽ തന്നെ പ്രിൻസിപ്പലിന്റെ ശമ്പള സ്കെയിലിൽ വീണ്ടും ശമ്പളം നിർണ്ണയിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ സാമ്പത്തിക ആനുകൂല്യം 01.02.11 മുതൽ മാത്രം അനുവദിയ്ക്കുകയും ചെയ്തു. ആദ്യത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിനു മുമ്പ് പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിക്കുന്ന ഹയർ സെക്കന്ററി സ്കൂൾ അധ്യാപകർക്ക് ഉണ്ടാകുന്ന ജൂനിയർ സീനിയർ അനോമലി പരിഹരിയ്ക്കുവാനാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്. 15 വർഷത്തെ 2-ാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിന് മുൻപ് ഹയർ സെക്കന്ററി പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനകയറ്റം ലഭിക്കുന്ന അധ്യാപകർക്കും ഇതേ അനോമലി ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15 വർഷ സമയബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിനു മുൻപ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയിൽ 15 വർഷം പൂർത്തിയാക്കിയ തീയതിയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 28 എ പ്രകാരം സമയബന്ധിത ഹയർ ഗ്രേഡ് ശമ്പള നിർണ്ണയം സാങ്കൽപികമായി നൽകുന്നതിനും, എന്നിട്ട് അവരുടെ ശമ്പളം ഹയർ

സെക്കന്ററി പ്രിൻസിപ്പൽ തസ്തികയുടെ ശമ്പള സ്കെയിലിൽ പ്രസ്തുത തീയതിയിൽ തന്നെ നിർണ്ണയിക്കുവാനും അനുമതി നൽകുന്നു. 01.02.16നു മുമ്പ് 15 വർഷ സർവ്വീസ് പൂർത്തിയാക്കിയവർക്ക് 01.02.2016 മുതൽ മാത്രമേ ഈ ഉത്തരവിന്റെ സാമ്പത്തിക ആനുകൂല്യം ലഭിക്കുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
ഹയർ സെക്കൻഡറി വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ.
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ 332440)

ഉത്തരവിൻ പ്രകാരം

Nunuchan

സെക്ഷൻ ഓഫീസർ